**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 191** **06-10-2025 - ൽ മറുപടിയ്ക്ക്**

**നാനോ വ്യവസായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായവകുപ്പിന് കീഴിൽ വീട്ടുകളിൽ നാനോ വ്യവസായ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | യുവതീ യുവാക്കൾ, വീട്ടമ്മമാർ, വിദ്യാർത്ഥികൾ എന്നിവർക്ക്, വീട്ടുകളിലും വ്യവസായം ആരംഭിക്കുവാൻ കഴിയുന്ന നാനോ സംരംഭങ്ങളുമായി ബന്ധപ്പെട്ട് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്ന 'ഒരു കുടുംബം ഒരു സംരംഭം പദ്ധതി' (OFOE), Margin Money Grant to Nano units എന്നീ രണ്ടു പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം ഇളവുകളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | a) ഒരു കുടുംബം ഒരു സംരംഭം പദ്ധതി (OFOE) പ്രകാരം ഉൽപാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10 ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് (ടേം ലോൺ/ പ്രവർത്തന മൂലധന വായ്പ), അഞ്ചു വർഷത്തേക്ക് 6% പലിശ ഇളവിന് അർഹതയുണ്ട്. 01/04/2022-നോ അതിനു ശേഷമോ പ്രവർത്തനം/ഉത്പാദനം ആരംഭിച്ച എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളും ഈ പദ്ധതിക്ക് കീഴിൽ അർഹരാണ്.<br><br>b) നാനോ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി പ്രകാരം കേരളത്തിലെ ഉൽപ്പാദന മേഖലയിലും, ജോബ് വർക്ക് മേഖലയിലും, മൂല്യ വർദ്ധനവുള്ള സേവന മേഖലയിലും, പ്രവർത്തിക്കുന്ന നാനോ യൂണിറ്റുകൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 10 ലക്ഷം വരെ പദ്ധതി ചെലവ് വരുന്ന യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രയോജനപ്പെടും. അപേക്ഷകന്റെ വിഭാഗം അനുസരിച്ച് 30% മുതൽ 40 % വരെ മാർജിൻ മണി ഗ്രാന്റ് ലഭിക്കും. **ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്.** |

| | | | |
|---|---|---|---|
| (സി) | നാനോ വ്യവസായ യൂണിറ്റുകളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനും അവയുടെ വളർച്ചയ്ക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | നാനോ വ്യവസായ യൂണിറ്റുകൾ ഉൾപ്പെടെയുള്ള MSME സംരംഭങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടക്കമുള്ള സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ ഏജൻസികളുടെ ലൈസൻസുകൾ, ക്ലിയറൻസുകൾ, അനുമതി എന്നിവ 3 1/2 വർഷത്തേക്ക് ഒഴിവാക്കുന്നതിന് വ്യവസായ വകുപ്പിന്റെ കെ-സ്വിഫ്റ്റ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് acknowledgment എടുത്താൽ മതിയാകുന്നതാണ്. 10 ലക്ഷം രൂപാ വരെ സ്ഥിര മൂലധന നിക്ഷേപവും, 5 HP വരെ കണക്റ്റഡ് ലോഡുമുള്ള ഗ്രീൻ, വൈറ്റ് കാറ്റഗറിയിൽപ്പെട്ട സംരംഭങ്ങൾ വീടുകളിൽ തുടങ്ങുന്നതിന് അനുമതി നൽകി തദ്ദേശ സ്വയംഭരണ വകുപ്പ് 2025 ഓഗസ്റ്റ്-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ